# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 1025 30.09.2016 ന് മറുപടിയ്ക്ക്**

**കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉണ്ണി**<br>**ശ്രീ.കെ.ബാബു**<br>**ശ്രീ.എ.എം.ആരിഫ്**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പഴം, പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും, മട്ടുപ്പാവിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡു നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുപയോഗിച്ചുള്ള പ്രദർശനത്തോട്ടം, കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹനം, ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെയും നഴ്സറികളുടേയും വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ വിതരണം, സൂക്ഷ്മജലസേചനം, തരിശുനില കൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ് റ്റു ഈറ്റ് പ്രോജക്ട്, കൃഷിയ്ക്ക് ഇൻഷൂറൻസ് പരിരക്ഷ സബ്സിഡിയോടു കൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുക, നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായി വിള ആരോഗ്യ പരിപാലനം, വിവിധവിള കൃഷി പ്രോത്സാഹനത്തിനും ഹൈടെക് അഗ്രികൾച്ചർ പദ്ധതി, അഗ്രോസർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന, ജൈവകൃഷി പ്രോത്സാഹനം, കിസാൻ കാൾ സെന്റർ എന്നീ നൂതന പദ്ധതികളാണ് പ്രധാനമായും |

നടപ്പിലാക്കിവരുന്നത്

| | | | |
|---|---|---|---|
| സി) | കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ കൃഷിഭവനുകളുടെ പങ്കാളിത്തവും പ്രവർത്തനവും എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കൃഷിഭവനുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൃഷിഭവനുകളുടെ പ്രവർത്തനങ്ങളും പങ്കാളിത്തവും ജില്ലാതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്. പ്രാദേശികമായ കാർഷികോത്പാദനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും പദ്ധതി നടത്തിപ്പിലും കൃഷിഭവന്റെ പൂർണ്ണമായ പങ്കാളിത്തം ഉണ്ട്. കൃഷിഭവന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കൃഷി ഭവനുകൾക്ക് കംപ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി. കൂടാതെ കൃഷി ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യം കൃഷിയിടത്തിൽ ലഭ്യമാക്കുന്നതിനും കൃഷിക്കാവശ്യമായ നൂതന സാങ്കേതിവിദ്യകൾ കർഷകർക്ക് പകർന്ന് നൽകുന്നതിനും കർഷകരുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൃഷിഭവനുകൾ സ്ഥാപിച്ചതിന്റെ മുപ്പതാം വാർഷികം പ്രമാണിച്ച് 200 കൃഷിഭവുനകളെ ആധുനിക വൽക്കരിച്ച് അഗ്രോപ്ലാന്റ്ഹെൽത്ത് ക്ലിനിക്കുകളാക്കി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു. |

S. [signature]
**സെക്ഷൻ ഓഫീസർ**